ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 31.07.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) രാജ്യത്തെ ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu Says Centre Has Taken Multiple Steps to Reduce Healthcare Costs for Citizens.**

2) പ്രധാൻ മന്ത്രി കൃഷി സമ്പദ യോജനയുടെ വിഹിതം 6,520 കോടി രൂപയായി വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ; ദേശീയ സഹകരണ വികസന കോർപ്പറേഷൻ ശക്തിപ്പെടുത്താനും കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

**Centre Increases Allocation for PM Krishi Sampada Yojana to ₹6,520 Crore; Union Cabinet Approves Measures to Strengthen NCDC.**

3) ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് യുഎസ് പ്രഖ്യാപിച്ച 25 ശതമാനം തീരുവയുടെ പ്രത്യാഘാതങ്ങൾ പരിശോധിച്ചുവരികയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ.

**Centre Examining Impact of 25% US Tariff on Indian Products, Says Union Commerce Minister Piyush Goyal.**

4) തിരുവനന്തപുരം മുതലപ്പൊഴി മത്സ്യ ബന്ധന തുറമുഖത്തിന്റെ സമഗ്ര വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു; പ്രകൃതിയുമായി ഇണങ്ങിയുള്ള ഫിഷിങ് ഹാർബറാണ് മുതലപ്പൊഴിയിൽ ഒരുങ്ങുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

**CM Pinarayi Vijayan Launches Development Projects at Muthalapozhi Fishing Harbour; MoS George Kurian states, Eco-Friendly Fishing Harbour Taking Shape at Muthalapozhi.**

5) മക്കാവു ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ തരുൺ മന്നെപ്പള്ളിയും ലക്ഷ്യ സെനും ക്വാർട്ടർ ഫൈനലിൽ.

**Tarun Mannepalli and Lakshya Sen Enter Quarterfinals of Men's Singles at Macau Open Badminton Tournament.**

*****************

## PRESIDENT AIMS

ആരോഗ്യ സംരക്ഷണ മേഖലയിൽ രാജ്യം, ഇനിയും നിരവധി ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഈ ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ എയിംസ് പോലുള്ള സ്ഥാപനങ്ങൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. ഝാർഖണ്ഡിലെ ദേവ്ഘർ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ പൗരന്മാരുടെ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി നാളെ മുഖ്യാതിഥിയാകും.

*****************

## EC VICE PREZ ELECTION

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള ഇലക്ടറൽ കോളേജ് പട്ടികയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ അന്തിമരൂപം നൽകി. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ടതും, നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങൾ, ലോക്സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. ഔദ്യോഗിക വിജ്ഞാപനത്തിന് ശേഷം തെരഞ്ഞെടുപ്പ് കമ്മീഷനിൽ സജ്ജീകരിച്ചിരിക്കുന്ന കൗണ്ടറിൽ നിന്ന് പട്ടിക ലഭ്യമാകുമെന്ന് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

*****************

## REV CABINET (INTRO)

"പ്രധാനമന്ത്രി കിസാൻ സമ്പദയോജന" യ്ക്ക് 1920 കോടി രൂപയുടെ അധിക വിഹിതം ഉൾപ്പെടെ 6520 കോടി രൂപയുടെ വിഹിതത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. സംയോജിത ശീതീകരണ മൂല്യ വർധിത ശൃംഖലയ്ക്ക് കീഴിൽ 50 ഭക്ഷ്യ

ഉൽപ്പന്ന ഇറേഡിയേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 1000 കോടി രൂപയ്ക്കും അനുമതി നൽകിയതായി കേന്ദ്ര വാർത്താ വിതരണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു . NABL അംഗീകാരമുള്ള 100 ഭക്ഷ്യ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നത്തിനും അനുമതി നൽകിയിട്ടുണ്ട് . (വോയ്സ്)

ദേശീയ സഹകരണ വികസന കോർപ്പറേഷന് ധന ശക്തിപ്പെടുത്തുന്നതിനായി നാല് വർഷത്തേക്ക് 2000 കോടി രൂപ നൽകാനും കേന്ദ്രമന്ത്രി സഭ തീരുമാനിച്ചു. മഹാരാഷ്ട്ര, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ 13 ജില്ലകളിൽ നാല് ട്രാക്ക് വിപുലീകരണ പദ്ധതികൾക്കും അംഗീകാരം നൽകി. ഇതിലൂടെ റെയിൽവേയുടെ നിലവിലുള്ള ശൃംഖല ഏകദേശം 574 കിലോമീറ്റർ വർദ്ധിപ്പിക്കും. 2029 ഓടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

*****************

## REV. EVE. PAR ADJOURN

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ഐ എസ് ആർ ഒ-നാസ സംയുക്ത ദൗത്യം എൻ ഐ-സാറിന്റെ വിക്ഷേപണ വിജയത്തെ അഭിനന്ദിച്ചു കൊണ്ടായിരുന്നു രാവിലെ സമ്മേളനം ആരംഭിച്ചത്. പ്രതിപക്ഷ അംഗങ്ങളുടെ പ്രതിഷേധം രൂക്ഷമായതോടെ ലോക്സഭ രണ്ടുതവണയും രാജ്യസഭ മൂന്ന് തവണയും നിർത്തിവച്ചു. വൈകിട്ട് സമ്മേളനം പുനരാരംഭിച്ചപ്പോഴും പ്രതിപക്ഷ പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ ഇരുസഭകളും ഇന്നത്തേക്ക് പിരിയുകയായിരുന്നു.

*****************

## PAR-GOYAL US TARIFF(INTRO)

ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് യുഎസ് പ്രഖ്യാപിച്ച 25 ശതമാനം തീരുവയുടെ പ്രത്യാഘാതങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി

പിയൂഷ് ഗോയൽ. ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് മുൻഗണന നൽകുകയെന്ന്, അമേരിക്കയുടെ പരസ്പര തീരുവയെ കുറിച്ച് ലോക്സഭയിൽ നടത്തിയ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. കർഷകർ, സംരംഭകർ, എംഎസ്എംഇകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവരുമായി ഇതുസംബന്ധിച്ച് കൂടിയാലോചിക്കുമെന്നും ശ്രീ ഗോയൽ അറിയിച്ചു. ഇന്ത്യയും - യുഎസും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.
( വോയിസ്.....)

*****************

## SHIVRAJ- PM KISAN 20TH INSTALLMENT

പിഎം കിസാൻ സമ്മാൻ നിധിയുടെ 20-ാമത് ഗഡുവിതരണത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ വാരാണസിയിൽ തുടക്കം കുറിക്കും. കർഷകർക്ക് പ്രതിവർഷം ആറായിരം രൂപ മൂന്ന് തുല്യ ഗഡുക്കളായാണ് പദ്ധതിയിലൂടെ നൽകി വരുന്നത്. പരിപാടിയുടെ തയ്യാറെടുപ്പുകൾ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വിലയിരുത്തി.

*****************

## Muthalapozhi-CM

തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യ ബന്ധന തുറമുഖത്തിൻ്റെ സമഗ്ര വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്തു. സഹകരണാത്മ ഫെഡറലിസത്തിൻ്റെ ഉത്തമ മാതൃകയാണിതെന്നും കൂടുതൽ പദ്ധതികൾക്കായി കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. മുതലപ്പൊഴി പദ്ധതിക്കായി കേന്ദ്ര മന്ത്രി ജോർജ് കുര്യൻ നടത്തിയ ശ്രമങ്ങളെ മുഖ്യമന്ത്രി പ്രശംസിച്ചു. ബ്ലൂ ഗ്രീൻ രീതിയിൽ പ്രകൃതിയുമായി ഇണങ്ങിയുള്ള ഫിഷിങ് ഹാർബറാണ് മുതലപ്പൊഴിയിൽ ഒരുങ്ങുന്നതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ കേന്ദ്ര സഹമന്ത്രി പറഞ്ഞു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്താൻ

ഐഎസ്ആർഓയുമായി ചേർന്ന് ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു. 177 കോടി രൂപ ചെലവിലാണ് മുതാലപ്പൊഴിയിൽ പദ്ധതി നടപ്പാക്കുന്നത്.

*****************

## G R ANIL

കേരളത്തിൽ ഓണത്തോടനുബന്ധിച്ച് സപ്ലൈകോ വഴി സബ്സിഡി വെളിച്ചെണ്ണ ലിറ്ററിന് 349 രൂപ നിരക്കിലും, അര ലിറ്ററിന് 179 രൂപാ നിരക്കിലും ലഭ്യമാക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ നാലു വരെ നടക്കുന്ന സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം 25 ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവഹിക്കുമെന്നും മന്ത്രി അറിയിച്ചു. AAY റേഷൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 2 വരെ ഓണക്കിറ്റുകൾ വിതരണം ചെയ്യും.

*****************

## PRESIDENT - HANDLOOM

11-ാമത് ദേശീയ കൈത്തറി ദിനാഘോഷങ്ങൾ അടുത്ത മാസം 7-ന് നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. മികച്ച നെയ്ത്തുകാർക്കുള്ള സന്ത് കബീർ പുരസ്കാരങ്ങളും ദേശീയ കൈത്തറി പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്യും. കൈത്തറി ഉൽപന്നങ്ങളുടെ പ്രദർശനവും വില്പനയും, പ്രമുഖ കൈത്തറി ഡിസൈനർമാരുടെ ഫാഷൻ ഷോ ഉൾപ്പെടെയുള്ള പരിപാടികളുമാണ് ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷങ്ങളോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്നത്.

*****************

## Trolling ban

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അവസാനഘട്ടത്തിലാണ്. ബോട്ടുകളിൽ ഇന്ധനം നിറച്ച്, ഐസും , മത്സ്യബന്ധന ഉപകരണങ്ങളും, ആഹാരസാധനങ്ങളും കയറ്റുന്ന തിരക്കിലാണ് മത്സ്യത്തൊഴിലാളികൾ.

മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി കഴിഞ്ഞു.

*****************

## MACAU OPEN

മക്കാവു ഓപ്പൺ ബാഡ്മിൻറൺ ടൂർണമെൻറിൻറെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ തരുൺ മന്നെപ്പള്ളിയും ലക്ഷ്യ സെനും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. തരുൺ, ഹോങ്കോങ്ങിൻറെ ലീ ച്യൂക്ക് യിയുവിനെ പരാജയപ്പെടുത്തിയപ്പോൾ, ലക്ഷ്യ സെൻ ഇന്തോനേഷ്യയുടെ ചിക്കോ ഔറ ദ്വി വാർഡോയോയെയാണ് തോൽപ്പിച്ചത്.

*****************

## STOCKS CLOSE

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 296 പോയിൻ്റ് താഴ്ന്ന് 81,186 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 87 പോയിൻ്റ് നഷ്ടത്തിൽ 24 ,768 ലും വ്യാപാരം അവസാനിപ്പിച്ചു.

*****************

## INDIA PANAMA TALKS

പനാമ വിദേശകാര്യ ഉപമന്ത്രി കാർലോസ് അർതുറോ ഹൊയോസും, വിദേശകാര്യമന്ത്രാലയ സെക്രട്ടറി തന്മയ ലാലും ന്യൂഡൽഹിയിൽ പ്രതിനിധി തല ചർച്ച നടത്തി. ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇരു രാജ്യങ്ങളും ചർച്ചകൾ നടത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി ചർച്ചകൾ ഫലപ്രദമായിരുന്നുവെന്ന് പനാമ വിദേശകാര്യ ഉപമന്ത്രിയും പ്രതികരിച്ചു.

*****************

## VICE ARMY CHIEF RETIREMENT

കരസേനാ ഉപമേധാവി ലെഫ്റ്റനന്റ് ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി വിരമിച്ചു. മുപ്പത്തിയൊമ്പത് വർഷം നീണ്ടുനിന്ന സൈനിക സേവനത്തിന് ശേഷമാണ് വിരമിക്കൽ. നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്ന് സേവനം ആരംഭിച്ച ശ്രീ സുബ്രഹ്മണിയുടെ പ്രവർത്തനമികവ് ദേശീയ സുരക്ഷയ്ക്കും വടക്ക് , പടിഞ്ഞാറൻ, അതിർത്തികളിലെ തന്ത്രപരമായ

തയ്യാറെടുപ്പുകൾക്കും ഗണ്യമായ സംഭാവന നൽകിയതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*****************

## RUSSIA-UKRAINE

കീവിൽ ഇന്ന് റഷ്യ നടത്തിയ മിസൈൽ, ഡ്രോൺ ആക്രമണത്തിൽ എട്ട് പേർ കൊല്ലപ്പെടുകയും 88 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി യുക്രേനിയൻ ഉദ്യോഗസ്ഥർ അറിയിച്ചു. യുക്രേനിയൻ സൈനിക വ്യോമതാവളങ്ങളെ ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയതെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം അവകാശപ്പെട്ടു.

*****************

## AUSTRALIA BAN YOUTUBE

16 വയസ്സിന് താഴെയുള്ള കുട്ടികൾ യുട്യൂബ് അക്കൗണ്ട് ആരംഭിക്കുന്നതിന് വിലക്കേർപ്പെടുത്തി ഓസ്ട്രേലിയ. ഡിസംബർ മുതൽ നിയന്ത്രണം നിലവിൽ വരും. കുട്ടികൾക്ക് ഹാനികരമായ ഉള്ളടക്കം, സൈബർ ബുള്ളിയിംഗ്, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് കാരണം ആകുന്നതായി ചൂണ്ടിക്കാട്ടിയാണ് നിരോധനം.

*****************

**********

****